ശ്രീ സി. കുഞ്ഞിക്കൃഷ്ണൻ നായർ: കണ്ണൂർ ഡിസ്ട്രിക്ട് ഇൻഡസ്ട്രീസ് ആഫീസർ പല്ലങ്ങളിൽ പരസ്യം ചെയ്തിട്ടുള്ളത് മുസ്ലീം ബാലികമാർക്ക് മാത്രമേ പ്രവേശനം അനുവദിക്കുകയുള്ളു എന്നാണ് എന്നുള്ള വസ്തുത അറിയാമോ?

ശ്രീ. കെ. പി. ഗോപാലൻ: എനിക്ക് അതേപ്പറ്റി അറിവില്ല.

ശ്രീ. എം. നാരായണക്കുറുപ്പ്: ഈ സ്കോളർഷിപ്പ് സ്ത്രീകൾക്ക് മറ്റുള്ള സ്ത്രീകളെ കാണാൻ പാടില്ലാ എന്നുള്ള നിയമം ഉണ്ടോ?

ശ്രീ. കെ. പി. ഗോപാലൻ: അങ്ങനെ നിയമമില്ല.

ശ്രീ. സി. കുഞ്ഞിക്കൃഷ്ണൻ നായർ: എല്ലാ പിന്നാക്കസമുദായങ്ങളിൽപ്പെട്ട ബാലികമാർക്കും ഇങ്ങനെയുള്ള സ്ഥാപനങ്ങളിൽ പ്രവേശനം അനുവദിക്കുമോ?

ശ്രീ. കെ. പി. ഗോപാലൻ: ഈ സ്ഥാപനത്തിൽതന്നെ മറ്റു സമുദായത്തിൽപ്പെട്ട രണ്ടുപേരെ കൂടി അംഗങ്ങളായി എടുത്തിട്ടുണ്ട്. മറ്റു ടെയിലറിംഗ് അൻഡ് ഗാർമെൻറ് മേക്കിംഗ് സെൻറുകളിൽ എല്ലാവർക്കും പ്രവേശനം അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. സി. കുഞ്ഞിക്കൃഷ്ണൻ നായർ: എത്രപേർക്കാണ് ഈ സ്ഥാപനത്തിൽ പ്രവേശനം അനുവദിക്കുന്നത്?

ശ്രീ. കെ. പി. ഗോപാലൻ: പതിനാറുപേർക്ക്.

ശ്രീ. അവുക്കാദർ കുട്ടിനഹാ: ഇവരുടെ ക്വാളിഫിക്കേഷൻ എന്താണ്?

ശ്രീ. കെ. പി. ഗോപാലൻ: തേഡ് ഫാറം.

ശ്രീ. പി. എം. കുഞ്ഞുരാമൻനമ്പ്യാർ: തേഡ്ഫാറം എന്നു പറഞ്ഞാൽ എട്ടാം സ്റ്റാൻേറഡാണോ?

ശ്രീ. കെ. പി. ഗോപാലൻ: തേഡ്ഫാറമാണ് വച്ചിട്ടുള്ളത്. അതിൻെറ കറസ്പോണ്ടിംഗ് ആയിട്ടുള്ളത് എട്ടുക്കും.

## ഉദ്യോഗസ്ഥന്മാരുടെ യാത്രപ്പടി.

* 1669 [17] ശ്രീ. ആർ. ഗോവിന്ദൻ*: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ:

താഴെ പറയുന്ന ഉദ്യോഗസ്ഥന്മാരുടെ യാത്രപ്പടി ഇനത്തിൽ കഴിഞ്ഞ സാമ്പത്തികവർഷം എത്ര തുക വീതം ചെലവായി:

(1) അഡീഷണൽ ഡവലപ്പ്മെൻറ് കമ്മീഷണർ
(2) ലോക്കൽബോഡീസ് ഡയറക്ടർ
(3) വ്യവസായ ഡയറക്ടർ
(4) ട്രാൻസ്പോർട്ട് കമ്മീഷണർ

ധനകാര്യ മന്ത്രി (ശ്രീ. സി. അച്യുതമേനോൻ):

| | | രൂ. |
|---|---|---|
| (1) | അഡീഷണൽ ഡവലപ്പ്മെൻറ് കമ്മീഷണർ .... | 10,026.85 |
| (2) | ലോക്കൽബോഡീസ് ഡയറക്ടർ ... | 6,332.11 |
| (3) | വ്യവസായ ഡയറക്ടർ .... | 11,033.13 |
| (4) | ട്രാൻസ്പോർട്ട് കമ്മീഷണർ .... | 5,130.01 |

* As the member was absent this question was put by Shri R. Sugathan with the permission of the chair.



LIBRARY ARCHIVES Kerala Legislative Assembly